പത്രക്കുറിപ്പ്
14-6-2017

**ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ)**

## പദ്ധതി മികച്ച രീതിയിൽ നടപ്പാക്കിയതിന് കുടുംബശ്രീക്ക് ദേശീയ അവാർഡ്

തിരുവനന്തപുരം: ഗ്രാമീണമേഖലയിലെ നിർദ്ധനരായ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനത്തോടൊപ്പം തൊഴിലും നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതി ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന(ഡി.ഡി.യു.ജി.കെ.വൈ) മികച്ച രീതിയിൽ നടപ്പാക്കിയതിന് കുടുംബശ്രീക്ക് കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന്റെ അവാർഡ്. ശിൽപവും സർട്ടിഫിക്കറ്റും അടങ്ങുന്ന പുരസ്കാരം 19ന് ദൽഹിയിലെ വിജ്ഞാൻ ഭവനിൽ സമ്മാനിക്കും.

2014ലാണ് ഗ്രാമീണമേഖലയിലെ നിർദ്ധനരായ യുവജനങ്ങൾക്ക് തൊഴിൽ വൈദഗ്ധ്യ പരിശീലനവും തൊഴിലും നൽകി ക്കൊണ്ട് ദാരിദ്ര്യ നിർമാർജനം ഊർജിതമാക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതി ആരംഭിച്ചത്. ഇന്ത്യയിലെ 23 സംസ്ഥാനങ്ങളിൽ ഇപ്പോൾ പദ്ധതി നടപ്പാക്കുന്നുണ്ട്. പരിശീലനാർത്ഥികൾക്ക് നൽകുന്ന മികച്ച രീതിയിലുള്ള അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ, നൂതനവും വൈവിധ്യമുള്ളതുമായ കോഴ്സുകൾ, കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമുള്ള എൻ.സി.വി.ടി എസ്.എസ്.സി സർട്ടിഫിക്കറ്റുകൾ, നടത്തിപ്പിലെ സൂക്ഷ്മത എന്നിവ ഉൾപ്പെടെ പദ്ധതിയുടെ പ്രവർത്തന മികവ് മുൻനിർത്തിയാണ് അവാർഡ്.

സാമ്പത്തിക പ്രയാസങ്ങൾ കാരണം തൊഴിൽ പഠനം മുടങ്ങിയവർക്ക് ഏറെ പ്രയോജനപ്പെടുന്ന രീതിയിലാണ് പദ്ധതിയുടെ രൂപകൽപന. പരിശീലനം പൂർത്തിയാക്കിയവരിൽ ഏറെ പേർക്കും ടാലി, ബി.പി.ഓ, റീട്ടെയ്ൽ, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഇൻഫർമേഷൻ ആൻഡ് കമ്യൂണിക്കേഷൻ എന്നീ മേഖലകളിലാണ് ജോലി ലഭിച്ചിട്ടുള്ളത്. പദ്ധതി വഴി വിദേശത്തും കൂടാതെ ഇൻഫോസിസ്, ഡെൻകെയർ, പി.ആർ.എസ്, ഏയ്ജീസ്, കിറ്റെക്സ് തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങളിലും ജോലി ലഭിച്ചവർ ഏറെയാണ്. ജോലി നേടിക്കഴിഞ്ഞാലും തുടർപരിശീലനത്തിനും കൂടുതൽ മെച്ചപ്പെട്ട ജോലി ലഭിക്കുന്നതിനുള്ള പിന്തുണ ഉറപ്പാക്കുന്നതിനും പദ്ധതിയിൽ അവസരമുണ്ട്.

ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിൽ ഉൾപ്പെടുത്തി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്താഭിമുഖ്യത്തിലാണ് കുടുംബശ്രീ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. ഗുണഭോക്താക്കളുടെ അഭിരുചിക്കും യോഗ്യതയ്ക്കും അനുസരിച്ചാണ് വിവിധ മേഖലകളിൽ പരിശീലനം നൽകുന്നത്. ഇതോടൊപ്പം വ്യക്തിത്വ വികസനം, കമ്പ്യൂട്ടർ പരിജ്ഞാനം, സ്പോക്കൺ ഇംഗ്ലീഷ് എന്നിവയിലും വിദഗ്ധ പരിശീലനം നൽകുന്നുണ്ട്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**